(c) കൊല്ലം, കുപ്പണയിൽ ഉണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയമിച്ചു.

(d) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ ജഡ്ജി ശ്രീ. തോമസ് പി. ജോസഫ് കമ്മീഷനെ നിയമിച്ചു.

(e) അടൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണക്കമ്മീഷനായി നിയമിച്ചു.

അന്വേഷണക്കമ്മീഷൻ ആക്ട് പ്രകാരം അല്ലാതെ നിയമിച്ചിട്ടുള്ള കമ്മിഷനുകളേയും കമ്മിറ്റികളേയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്. ശ്രീ. രാജപ്പൻ ആചാരി കമ്മീഷനും, ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനും, ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷനും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. തുമ്പ വെടിവയ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ട് നടപടി രേഖസഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 8-12-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുമരകം ബോട്ടപകടത്തെക്കുറിച്ചന്വേഷിച്ച ശ്രീ. ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ട് നടപടി രേഖസഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 21-10-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുപ്പണ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ 16-9-2004-ന് അന്തിമറിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടി

11 |3704| *ശ്രീ. പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *കെ. എൻ. എ. ഖാദർ:*
,, *പെർക്കളം അബ്ദുള്ള:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിൽ ചില സമുദായങ്ങൾക്ക് അർഹിക്കുന്നത്ര നിയമനം കിട്ടിയിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തിര നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി 2005 മാർച്ച് 10-ന് സഭയിൽ പ്രസ്താവിച്ചതിന്റെ തുടർനടപടികൾ എത്രത്തോളമായി;

(ബി) ഏതെല്ലാം സംഘടനകളുമായാണ് ചർച്ചയ്ക്ക് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)--(സി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ സർക്കാർ കോളേജുകൾക്ക് അനുവദിച്ച തുക

12 [3705] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സർക്കാർ കോളേജുകൾക്ക് 2003-04, 2004-05 വർഷങ്ങളിൽ സഹായമായി അനുവദിച്ച തുകയുടെ വിശദാംശം ജില്ല തിരിച്ച് പറയാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്വകാര്യ, എയ്ഡഡ് കോളേജുകൾക്ക്, ഏതെല്ലാം ആവശ്യത്തിനായി എന്ത് തുകയാണ് ഇതേ കാലയളവിൽ അനുവദിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിൽ ധനവ്യയ നിയന്ത്രണം പാലിക്കാൻ നടപടി

13 [3706] *ശ്രീ. മത്തായി ചാക്കോ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ ധനവ്യയനിയന്ത്രണ നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly